**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1261** **19-06-2024 - ൽ മറുപടിയ്ക്ക്**

**വടയാർ-ചന്തപ്പാലം-മുളക്കുളം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടയാർ-ചന്തപ്പാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കരാർ പ്രകാരം റോഡ് നിർമ്മാണം എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | വടയാർ ചന്തപ്പാലം - മുളക്കുളം റോഡിന്റെ നിർമ്മാണ കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി 11.11.2023 ആയിരുന്നു. ഇപ്പോഴും പ്രവൃത്തി തുടരുന്നുണ്ട്. നിലവിൽ ഈ പ്രവൃത്തി 28% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കരാർ പ്രകാരം പ്രസ്തുത റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമോ; റോഡ് നിർമ്മാണത്തിൽ ഉണ്ടായ തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | മേൽ പ്രവൃത്തിയുടെ ഭാഗമായി വാട്ടർ അതോറിറ്റി വക കുടിവെള്ള പൈപ്പുകളും കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ടി.പി. വഴി നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളിലും പദ്ധതിയുടെ കരാറുകാരൻ വഴിയാണ് ഇത്തരം യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ചെയ്തുവരുന്നത്. ഈ പദ്ധതിയിലെ മേൽ പ്രവൃത്തികൾ അഡീഷണൽ വർക്ക് ആയി കരാറുകാരെ തന്നെ ഏൽപ്പിച്ചിട്ടുള്ളതും കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന ജോലി 29 കിലോമീറ്റർ നിർവ്വഹിച്ചിട്ടുള്ളതുമാണ്. എന്നാൽ കെ.എസ്.ഇ.ബി. വക പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക കുറവാണെന്നും അത് അംഗീകരിക്കാൻ ആവില്ലെന്നും കരാറുകാരൻ നിലപാട് എടുത്തതിനാൽ KSEB അധികൃതരുമായി നിരന്തര ചർച്ചകൾ നടത്തി അംഗീകൃത എസ്റ്റിമേറ്റിലെ A പോളുകൾക്ക് പകരം PSC പോളുകൾ ഉപയോഗിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കരാറുകാരൻ KSEB പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്.<br><br>പ്രവൃത്തി പൂർത്തിയാക്കാത്ത സ്ഥലങ്ങളിൽ രൂപപ്പെടുന്ന കുഴികളും വെള്ളക്കെട്ടും യഥാസമയം പരിഹരിച്ച് റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടികൾ കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. മതിയായ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിച്ചും ആവശ്യത്തിനുള്ള ഉപകരണങ്ങളും സാധന സാമഗ്രികളും സൈറ്റിൽ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചും പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തിയാക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ